## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടനിയമസഭാചോദ്യം നം 679 13.07.2012 -ൽ മറുപടിയ്ക്ക്

### അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ

**ചോദ്യം**

ശ്രീ. കെ. സുരേഷ് കുറുപ്പ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ. ടി. ജലീൽ
ശ്രീമതി കെ. കെ. ലതിക

**ഉത്തരം**

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ സംബന്ധിച്ച പ്രശ്നം പരിശോധിച്ചിട്ടുണ്ടോ; ഏറ്റവും ഒടുവിലത്തെ സ്ഥിതിവിവരക്കണക്ക് പ്രകാരം അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എ) ഉണ്ട്. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എസ്.എസ്.എൽ.സി യും അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളതായ തൊഴിലിനുവേണ്ടി രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ എണ്ണം 37,93,868 ആണ്.ഇവരുടെ യോഗ്യത തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| എസ്.എസ്.എൽ.സി. | 2759928 |
| പി.ഡി.സി /+2 | 723646 |
| ബിരുദം | 262381 |
| ബിരുദാനന്തര ബിരുദം | 47913 |
| ആകെ | 3793868 |

കൂടാതെ വിദേശ തൊഴിലിനായി വിവിധ വിഭാഗങ്ങളിലായി 18,270 പേർ പൊതുമേഖലാസ്ഥാപനമായ ഒഡെപെക്-ന്റെ ഡാറ്റാബാങ്കിൽ രജിസ്റ്റർ ചെയിതിട്ടുണ്ട്.

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ബി)സംസ്ഥാനത്തിന് പുറത്തും വിദേശ രാജ്യങ്ങളിലും എത്ര അഭ്യസ്തവിദ്യർ ജോലി നോക്കി വരുന്നുണ്ടെന്നുള്ളതും അവർ തൊഴിൽ മേഖലയിൽ നിന്നു പുറംതള്ളപ്പെട്ടുകൊണ്ടിരിക്കുകയാണെന്നുമുള്ള വസ്തുത അറിയാമോ; എങ്കിൽ വിശദമാക്കാമോ;<br><br>സി)ഇതിന് ഫലപ്രദമായ പരിഹാരം കണ്ടെത്താൻ ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ബി & സി) | കേരളത്തിന് പുറത്ത് ജോലി ചെയ്തു വരുന്ന അഭ്യസ്ഥവിദ്യരുടേതായ കണക്കുകൾ സർക്കാരിൽ ലഭ്യമല്ല എന്നാൽ പൊതുമേഖലാ സ്ഥാപനമായ ' ഒഡെപെക് ' മുഖേന 6293 പേർക്ക് ഇതുവരെ വിദേശത്ത് തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇങ്ങനെ തൊഴിൽ ലഭിച്ചവർക്ക് പ്രസ്തുത മേഖലയിൽ അവഗണനയുള്ളതോ, വാഗ്ദാനം ചെയ്തിട്ടുള്ള സേവനവേതനവ്യവസ്ഥകളിൽ കുറവു വന്നിട്ടുള്ളതായോ തൊഴിൽ നഷ്ടപ്പെട്ടതായോ ഉള്ള പരാതികൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ